(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഏത് വർഷം മുതലാണ് പ്രസ്തുത തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എസ്.സി. വഴി നികത്തേണ്ടതായ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശുപത്രി അറ്റൻഡർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭിച്ച ലിസ്റ്റിൽ നിന്ന് ഇന്റർവ്യൂ കഴിഞ്ഞ് നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാവൂർ തെങ്ങിലക്കടവ് - ക്യാൻസർ സെന്റർ

43 (732) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിന് കീഴിൽ ക്യാൻസർ എക്സ്റ്റൻഷൻ സെന്റർ തുടങ്ങുന്നതിന് ഒരു ഡോക്ടറുടെയും നാല് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ പൂർത്തീകരണത്തിന് പ്രത്യേക ഗ്രാന്റ് നൽകുന്നതിനുള്ള 16457/JI/2013/H&FWD ഫയലിൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറുന്ന കാര്യവും പ്രസ്തുത മെഡിക്കൽ കോളേജിനു കീഴിൽ ക്യാൻസർ എക്സ്റ്റൻഷൻ സെന്റർ തുടങ്ങുന്നതിന് ഒരു ഡോക്ടറുടെയും നാല് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് നബാർഡ് ഗ്രാന്റിന്റെ അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നാട്ടിക പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ നിയമനം

44 (733) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിർദ്ദിഷ്ട സ്റ്റാഫ് പാറ്റേൺ പ്രകാരം ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും ആവശ്യത്തിന് നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ സ്ഥിരമായ നിയമനം നടത്തുവാൻ സത്വരമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അവയവദാനം

45 (734) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവദാനം പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നടപടിക്രമം ലഘൂകരിക്കുമോ; പ്രസ്തുത വിഷയത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly